**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4807** **20-07-2022 - ൽ മറുപടിയ്ക്ക്**

**മണിക്കിണർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിൽ മണിക്കിണർ പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പുതിയ പാലത്തിന് 928 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അപ്രോച്ച് റോഡിന്റെ അതിർത്തി നിർണ്ണയിച്ച് തിട്ടപ്പെടുത്തുന്നതിനായി 1ലക്ഷം രൂപയുടെ Part T.S ലഭ്യമാക്കി പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ റിക്വിസിഷൻ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ തഹസിൽദാർ NH No.1 കാക്കനാടിനെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും സ്പെഷ്യൽ തഹസിൽദാർ കാക്കനാടുമായി 22/03/2022-ന് സംയുക്ത പരിശോധന നടത്തുകയും സ്ഥലം അളവുകൾ പരിശോധിക്കുകയും ചെയ്തു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ പൊന്നും വില (ഭൂമി ഏറ്റെടുക്കൽ) നടപടികൾക്കായി കണ്ടിജൻസി ചാർജ്ജും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റും ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് LOC പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>LOC അംഗീകാരം ലഭ്യമായാൽ റവന്യൂ വകുപ്പിന് തുക കൈമാറി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കും. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പാലം നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ സ്ഥിതി വിവരം വിശദമാക്കാമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതിനും പാലം നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ